ലക്ഷണങ്ങൾ കാണുകയുണ്ടായി. അവരെ ആശുപത്രിയിൽ ചികിൽസിപ്പിക്കുകയും ചെയ്തു. കുട്ടികളിൽ ആരുടെയും നില ഗുരുതരമല്ല. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസറുടെ അന്വേഷണത്തിൽ സ്കൂൾ വളപ്പിലുള്ള രണ്ടു കിണറുകളിലേയും സമീപപ്രദേശത്തുള്ള കനാലിലെ മലിന ജലത്തിലൂടെയുമാണ് രോഗബാധ ഉണ്ടായതെന്ന് കണ്ടെത്തിയിട്ടുണ്ട്. വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധിക്കുകയും രോഗം പടരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കിണറുകളിലെ വെള്ളം മുമ്പും ഉപയോഗശൂന്യമായിരുന്നു. അത് ക്ളോറിനേറ്റ് ചെയ്ത ശേഷമാണ് ഉപയോഗിച്ചുതുടങ്ങിയത്. ഏതായാലും ആ കിണറുകളിലെ വെള്ളം ഇനി ഉപയോഗിക്കരുതെന്നും പകരം ആവശ്യമായ ശുദ്ധജലം എത്തിക്കണമെന്നും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ രോഗം തടയുന്നതിന് ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും എല്ലാവിധ സംവിധാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. മറ്റൊന്ന് കോട്ടയത്ത് പകർച്ചവ്യാധി ഉണ്ടായപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സജീവശ്രദ്ധ ഉണ്ടാകുകയും മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് 24 മണിക്കൂർ തികയുന്നതിനുമുമ്പ് ഞാൻ അവിടെചെന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയുമുണ്ടായി. അന്നുതന്നെ ഈ കുട്ടികളുടെ പ്രയാസങ്ങൾ എന്റെ ശ്രദ്ധയിൽവന്നിരുന്നു. അന്നുതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഡി.എം.ഒ.യെ ചുമതലപ്പെടുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(12) കണ്ണൂർ ജില്ലയിലെ ഷിജാസിന്റെ മരണം

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, നമുക്ക് മോചനമില്ലാത്ത പ്രധാനപ്പെട്ട ഒരു രംഗം മരണമാണ്. സ്വാഭാവിക മരണമുണ്ട്, അപകട മരണമുണ്ട്, അസുഖംവന്നിട്ടുള്ള മരണവുമുണ്ട്. ഇന്ന് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അതിദാരുണമായ മരണം നമ്മുടെ മനസ്സിനെയും രക്തത്തെയും മരവിപ്പിക്കുന്ന ഒന്നാണ്. കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ പഞ്ചായത്തിലെ ഏഴു വയസ്സുള്ള ഷിജാസ് എന്ന കുട്ടി മറ്റ് കുട്ടികളോടൊപ്പം കളിക്കുകയായിരുന്നു. ഒറ്റപ്പെട്ടുപോയ കുട്ടിയെ തെരുവുനായ്ക്കൾ കടിച്ചുകീറി കൊന്നു. ഇത് ആരുടെയും കുറ്റംകൊണ്ട് സംഭവിച്ചതല്ല. ഇത് തെരുവുകളിലെ ഭീകരമായ ചിത്രമാണ് കാണിക്കുന്നത്. ഷിജാസ് എന്ന ഏഴുവയസ്സുകാരൻ ലക്ഷം വീട് കോളനിയിൽ താമസിക്കുന്ന ചുമട്ടുതൊഴിലാളിയുടെ മകനാണ്. നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും സമാധാന ജീവിതം കയ്യേറുന്ന തെരുവുനായ്ക്കളുടെ കാര്യത്തിൽ അടിയന്തിര പരിഹാരം കണ്ടെത്താനുള്ള നടപടികൾ ഉണ്ടാകണം. മരിച്ച ഷിജാസ് എന്ന കുട്ടി പാവപ്പെട്ട കുടുംബത്തിലെ അംഗവും ചുമട്ടുതൊഴിലാളിയുടെ മകനുമായതിനാൽ ആ കുടുംബത്തിന് അടിയന്തിരമായി നഷ്ടപരിഹാരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ.പാലോളി മുഹമ്മദുകുട്ടി</u>): ബഹുമാനപ്പെട്ട അംഗം അവിടെ അവതരിപ്പിച്ചിട്ടുള്ള ഈ സംഭവം വളരെ ഖേദകരമായിട്ടുള്ള ഒന്നാണ്. അതിദാരുണമായ സംഭവമാണ്. അലഞ്ഞു തിരിയുന്ന നായ്ക്കളെപിടിച്ച് നശിപ്പിക്കുകയെന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമാണ്. അവർ അത് ചെയ്തു വരുന്നുമുണ്ട്. അവർ പട്ടികളെ പിടിക്കുന്നുണ്ടെങ്കിൽപോലും ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ജാഗ്രതയോടുകൂടിയുള്ള അടിയന്തിര നടപടി സ്വീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് നിർദ്ദേശം കൊടുക്കാം. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നഷ്ടപരിഹാരത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം.

VI. നിയമനിർമ്മാണകാര്യം

2000- ത്തിലെ കേരളാ പോലീസ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഇന്ന് നമ്മുടെ രാജ്യത്ത് ഭീകരപ്രവർത്തനങ്ങളും അതിനുവേണ്ടി ആയോധന പരിശീലനങ്ങളും ധാരാളമായി നടക്കുന്ന ഒരു സന്ദർഭമാണ്. തീർച്ചായും അത് മുളയിലെ നുള്ളിക്കളയുന്നത് ഉത്തരവാദിത്വമുള്ള ഗവൺമെന്റിന്റെ പ്രാഥമിക കടമയാണ്. ഭീകരസംഘടനകൾ നമ്മുടെ നാട്ടിൽ ശക്തി പ്രാപിച്ചുവരുന്നതിന് പല കാരണങ്ങളുണ്ട്. പ്രത്യേയ ശാസ്ത്ര പ്രേരിതമായ ഭീകര സംഘടനാ പ്രവർത്തനങ്ങളും മതമൗലികവാദപ്രേരിതമായ ഭീകരപ്രവർത്തനങ്ങളും യാതൊരു തത്വദീക്ഷയുമില്ലാത്ത നേട്ടങ്ങൾ ഉണ്ടാക്കാൻവേണ്ടി അത്യാഗ്രഹമായ സാമ്പത്തിക കാരണങ്ങളാലുള്ള ഭീകര പ്രവർത്തനങ്ങളും മാനസിക പ്രത്യേകതകൾകൊണ്ട് ഭീകരതയ്ക്ക് മുൻഗണന നൽകുന്ന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഏത് ഭീകര പ്രവർത്തനങ്ങളായാലും പ്രത്യയശാസ്ത്രത്തിന്റെ പേരിലായാലും മതമൗലികവാദത്തിന്റെ പേരിലായാലും മാനസികാവസ്ഥയുടെ പ്രത്യേകത കൊണ്ടായാലും, സാമ്പത്തിക ഉന്നമനം പെട്ടെന്ന് നേടുന്നതിനുള്ള അത്യാഗ്രഹത്തിന്റെ ഫലമായാലും, അതെല്ലാം ദേശരക്ഷയ്ക്കും ക്രമസമാധാനപാലത്തിനും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വിഷയങ്ങളാണ്. അത് ഇന്ന് നമ്മുടെ രാജ്യത്ത് കൂടികൂടിവരുന്നു. ആന്ധ്രയിലും കർണ്ണാടകയിലും മറ്റ് വടക്കുകിഴക്കൻ അതിർത്തി സംസ്ഥാനങ്ങളിലും പ്രത്യയശാസ്ത്ര പ്രേരിതമായി ധാരാളം ഭീകരപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആ പ്രവർത്തനങ്ങളിൽ ചിലപ്പോഴെങ്കിലും ഗവൺമെന്റുകൾ നിസ്സഹായരായി നോക്കി നിൽക്കുന്ന അവസ്ഥയുമുണ്ട്. ആന്ധ്രാപ്രദേശിലെ കൃഷ്ണ ജില്ല ഉൾപ്പെടെയുള്ള ചില ജില്ലകളിൽ നക്സലൈറ്റ് ഭീകര പ്രവർത്തക സംഘങ്ങളാണോ ഭരണം നടത്തുന്നത് എന്നു തോന്നുമാറുള്ള കാര്യങ്ങളാണ് നടക്കുന്നത്. അത് ഫലപ്രദമായി പ്രതിരോധിക്കുന്നതിന് ഗവൺമെന്റുകൾ പലപ്പോഴും പരാജയപ്പെടുന്നു. എന്റെ മതമാണ് ഏറ്റവും ശ്രേഷ്ടം. എന്റെ മതത്തിലെ ആചാരാനുഷ്ഠാന ക്രമങ്ങൾ അംഗീകരിച്ച് നിങ്ങളെല്ലാപേരും നടന്നുകൊള്ളണം. അല്ലെങ്കിൽ ശാരീരികമായി കൈകാര്യം ചെയ്ത് അത് നടപ്പാക്കുമെന്ന് ദൃഢനിശ്ചയത്തോടുകൂടി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള മതമൗലികവാദ സംഘടനകൾ തീർച്ചയായും ഈ ഭീകരപ്രവർത്തനത്തിൽ ഏത് എക്സ്റ്റെന്റുവരെ പോകുമെന്നുള്ളതിന് ഇപ്പോഴത്തെ സ്ഥിതിയിൽ ഒരു തീർപ്പുകൽപ്പിക്കുവാൻ കഴിയുകയില്ല. ഇങ്ങനെയുള്ള പ്രത്യയശാസ്ത്രപരമായാലും മതമൗലികവാദപരമായാലും ആഭ്യന്തര സംഘടനകൾ കൂടികൂടിവരുന്ന ഒരു ദശാസന്ധിയിലാണ് നമ്മൾ വന്നു നിൽക്കുന്നത്. ഈ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നമ്മുടെ രാഷ്ട്രപതി കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ രാഷ്ട്രത്തോട് ചെയ്ത പ്രഖ്യാപനത്തിൽ സാമ്പത്തിക അസമത്വവും സാമൂഹ്യ നീതിയുടെ നിഷേധവും ഈ ഭീകര സംഘടനാ പ്രവർത്തകർക്ക് ആളുകളെ കിട്ടുന്നതിന് അനുകൂലമായ

LIBRARY ARCHIVES Kerala Legislative Assembly